1. ഒരു കുട്ടി ഒരു പുസ്തകം (യു.പി., ഹൈസ്കൂൾ വിഭാഗം)

പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും വായന പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമാക്കി കൊണ്ടാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുള്ളത്. ലൈബ്രറി പുസ്തകമോ നിന്നോ രക്ഷിതാക്കൾ വാങ്ങിച്ചു കൊടുത്ത പുസ്തകമോ ഇതിനായി പ്രയോജനപ്പെടുത്താം. ഒരു പുസ്തകം എങ്ങനെ ആഴത്തിൽ വായിച്ച് മനസ്സിലാക്കാം എന്ന് ബോധ്യപ്പെടുന്ന പ്രവർത്തന മാക്കി ഇത് മാറ്റണം. കുട്ടി തെരഞ്ഞെടുക്കുന്ന പുസ്തകത്തെക്കുറിച്ച് എന്ത് കാര്യങ്ങൾ ചോദി ച്ചാലും പറയാൻ പറ്റുന്ന തരത്തിലാവണം, പുസ്തക വായന. ഉദാഹരണമായി രചയിതാവ്, പുസ്തകം ഏത് വിഭാഗത്തിൽപ്പെടുന്നു. പ്രസാധകർ, രചിച്ച വർഷം, പുസ്തകത്തിന്റെ പ്രമേ യം, ഇതിവൃത്തം, കഥാപാത്രങ്ങൾ ഭാഷയുടെ പ്രത്യേകത, ഇഷ്ടപ്പെട്ട ഭാഗം, തുടങ്ങിയ കാര്യ ങ്ങൾ കുട്ടിക്ക് പറയാൻ പറ്റണം. ഈ പ്രവർത്തനം ക്ളാസ് തലത്തിൽ അവതരിപ്പിക്കാൻ അവ സരം നൽകുകയും ഒരു ക്ളാസ്സിൽ നിന്നും മികച്ച ഒരു കുട്ടിയെ തെരഞ്ഞെടുക്കുകയും ചെയ്യാം. ക്ളാസ്സ്തലത്തിൽ തെരഞ്ഞടുത്ത കുട്ടികളിൽ നിന്നും സ്കൂൾ തലത്തിൽ ഒരു കുട്ടി യെ തെരഞ്ഞെടുക്കാം കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നത് തീർച്ചയായും ഒഴിവാക്കണം. സ്വതന്ത്രമായി പറയാനുള്ള കഴിവാണ് ഈ പ്രവർത്തനത്തിലൂടെ പരിശോധിക്കേണ്ടത്. ഉപ ജില്ല യിൽ മികച്ച അഞ്ചു പേരെ അവതരണ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കണം.

2. സ്കൂൾ ലൈബ്രറിയിലേക്ക്

വായനാവാരത്തിലെ ഒരു ദിവസം പുസ്തക ശേഖരണത്തിനായി കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് വീടുകളിലും സ്ഥാപനങ്ങളിലും അയക്കാവുന്നതാണ്. ഇത് പ്രവൃത്തി ദിവസമല്ലാത്ത ദിവസങ്ങളിൽ ആസൂത്രണം ചെയ്താൽ വളരെ നല്ലത്. പത്തു കുട്ടികൾ ചേർന്ന് അവരുടെ വീടിനടുത്തുള്ള പത്തു വീടുകൾ സന്ദർശിച്ച് കുറഞ്ഞത് പത്തു പുസ്തകങ്ങളെങ്കിലും ശേഖരി ക്കാവുന്നതാണ്. ഇങ്ങനെ ശേഖരിച്ച പുസ്തകങ്ങൾ ക്ളാസ്സ് അടിസ്ഥാനത്തിൽ പ്രദർശിപ്പിക്കു കയും തുടർന്ന് എല്ലാ പുസ്തകങ്ങളും ചേർത്ത് 'പുസ്തകോത്സവ' മായും ആഘോഷിക്കാവു ന്നതാണ്.

3. വളരുന്ന എഴുത്തോല

യു.പി., ഹൈസ്കൂൾ ക്ളാസ്സുകളിലെ കുട്ടികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതി നുവേണ്ടിയാണ് 'വളരുന്ന എഴുത്തോല' എന്ന ത്രൈമാസിക കൈയെഴുത്ത്/അച്ചടിച്ച പുസ്തകം തയ്യാറാക്കുന്നതിന് ആലോചിച്ചിരിക്കുന്നത്. അക്കാദമിക വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവൃത്തനമാണിത്. എല്ലാ ക്ളാസ്സിൽ നിന്നും ആഗസ്ത്, നവംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ ഓരോ ത്രൈമാസിക വീതം തയ്യാറാക്കുകയും അതിന്റെ പ്രദർശനം ഫെബ്രുവരി മാസം ഒടുവിൽ സ്കൂൾ തലത്തിൽ നടത്തുകയും വേണം. ഇതിൽ നിന്നും തെര ഞ്ഞെടുത്ത രചനകൾ ജില്ലാതലത്തിൽ അച്ചടിച്ച് പുറത്തിറക്കുന്നതായിരിക്കും.

. . .2/

3. കവിയരങ്ങ്/കഥയരങ്ങ്

വിദ്യാലയത്തിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ക്ലാസ്സിലും കൊച്ചു കവികളെയും, കഥാകൃത്തുക്കളെയും കണ്ടെത്താൻ കഴിയും. ഇവരുടെ രചനകൾ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവതരിപ്പിക്കാനുള്ള അവസരം ഒരുക്കണം. ഇങ്ങനെ സ്വന്തം കവിത ചൊല്ലാനും കഥയവതരിപ്പിക്കാനും കഴിയുമ്പോൾ കുട്ടികൾക്ക് ലഭിക്കുന്ന ആത്മവിശ്വാസം മികച്ചതായിരിക്കും. വിദ്യാലയങ്ങളിൽ ഒട്ടേറെ ദിനാചരണങ്ങൾ നടത്താറുണ്ടല്ലോ. ഈ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, മറ്റ് രചനകൾ കുട്ടികൾ ശേഖരിക്കട്ടെ. അദ്ധ്യാപകർ ആവശ്യമായ റഫറൻസ് ലഭ്യമാക്കണം. ശേഖരിച്ചു കൊണ്ടുവരുന്ന കഥ/കവിത/മറ്റ് രചനകളുടെ അവതരണങ്ങൾ ദിനാചരണത്തെ കൂടുതൽ ആകർഷകമാക്കുന്നതിന് ഉപയോഗപ്പെടുത്താം. കുട്ടികളുടെ/അദ്ധ്യാപകരുടെ രചനകളും ഈ അവസരത്തിൽ അവതരിപ്പിക്കണം.

4. ഭാഷാ സെമിനാർ

മാതൃഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക എന്ന കാര്യം ലക്ഷ്യംവെച്ചു കൊണ്ടാണ് ഭാഷാ സെമിനാർ ആസൂത്രണം ചെയ്തിട്ടുള്ളത്. ഭാഷയുടെ ചരിത്രം, വളർച്ച പ്രാധാന്യം തുടങ്ങിയവ ബോധ്യപ്പെടുന്ന തരത്തിൽവേണം സെമിനാർ ആസൂത്രണം ചെയ്യാൻ. ആദ്യ സെമിനാർ വായനാവാരാചരണ ദിവസങ്ങളിൽ നടത്തുകയും ഓരോ മാസവും ഒരു സെമിനാർ എന്ന നിലയിൽ തുടരുകയും ചെയ്യാം (യു.പി.യിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് സെമിനാർ ആസൂത്രണം ചെയ്യണം. ഉദാ ഃ ഭാഷയും പഴഞ്ചൊല്ലും, നമ്മുടെ കടംകഥകൾ, മലയാള ഭാഷയിലെ ഭാഷാ ഭേദങ്ങൾ, നാടൻപാട്ടുകളും നാടൻ കഥകളും, മലയാള ഭാഷയും കുട്ടികളുടെ നാടകവും മലയാള സിനിമയും കുട്ടികളും തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കാം).

ഇത്തരം സെമിനാർ ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കാം. മികച്ച സെമിനാർ സബ് ജില്ലാ തലത്തിൽ പരിഗണിക്കാം.

5. രചനയുടെ രഹസ്യംതേടി

സർഗ്ഗാത്മക രചനകൾ എങ്ങനെ രൂപം കൊള്ളുന്നുവെന്ന അനുഭവ പാഠങ്ങൾ നേരിട്ടു ലഭിക്കുന്നതിനുവേണ്ടിയാണ് പ്രാദേശിക എഴുത്തുകാരുമായുള്ള അഭിമുഖവും ക്ലാസ്സും നടത്താൻ ആലോചിച്ചിട്ടുള്ളത്. മാത്രവുമല്ല തന്റെ പ്രദേശത്ത് എത്ര മാത്രം എഴുത്തുകാർ ഉണ്ടെന്നും അവർ മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകൾ എന്തെന്നും തിരിച്ചറിയാൻ കൂടി ഈ പ്രവർത്തനം സഹായകമാകും. മൂന്നോ നാലോ എഴുത്തുകാർ തന്റെ പ്രദേശത്ത് ഉണ്ടെങ്കിൽ അവരെ ഒന്നിച്ച് വിളിച്ചു ചേർത്ത് അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യാം. ഇങ്ങനെ വരുന്ന എഴുത്തുകാരുടെ സംഭാവനകൾ. അദ്ധ്യാപകർ നേരത്തേ അന്വേഷിച്ചുവെക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അഭിമുഖ ചോദ്യങ്ങൾ തയ്യാറാക്കാനുള്ള പരിശീലനം ക്ലാസ്സ്

. . .3/

തലത്തിൽ നടത്തി മികച്ച ചോദ്യങ്ങൾ ക്രോഡീകരിക്കണം. ആരൊക്കെ ചോദ്യങ്ങൾ ചോദ്യക്കണം എന്ന കാര്യവും നിശ്ചയിക്കാം. തയ്യാറാക്കിയ ചോദ്യങ്ങൾക്കപ്പുറം തത്സമയം ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരവും കുട്ടികൾക്കു നൽകണം. അഭിമുഖം നടന്നു കഴിഞ്ഞാൽ അഭിമുഖം എഴുതി തയ്യാറാക്കി കയ്യെഴുത്തു മാസികയിലേക്കോ മറ്റു ആനുകാലികങ്ങളിലോ ഉപയോഗപ്പെടുത്താൻ മറക്കരുത്.